ശബരിമലയിലെ മാലിന്യ സംസ്കരണം

258 (550) ഡോ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മകരവിളക്ക്, മണ്ഡലപൂജ മുതലായ ദർശന കാലങ്ങളിൽ ശബരിമലയിൽ നിറയുന്ന മാലിന്യങ്ങൾ സംസ്കരിക്കുവാൻ വിഭാവനം ചെയ്ത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

ശബരിമലയിലും പമ്പയിലും ഖരമാലിന്യ സംസ്കരണത്തിനായി മുമ്പ് സ്ഥാപിച്ചിരുന്ന 350 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾക്കു പുറമേ ശബരിമലയിലും പമ്പയിലും നിലയ്ക്കലിലും 400 Kg/hr ശേഷിയുള്ള ഓരോ ഇൻസിനറേറ്റർ കൂടി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ദ്രവ മാലിന്യ സംസ്കരണത്തിനായി 35 എം.എൽ.ഡി ശേഷിയുള്ള സംസ്കരണ പ്ലാന്റ് പമ്പയിൽ പ്രവർത്തിക്കുന്നുണ്ട്. ശബരിമലയിലും പമ്പയിലും യഥാക്രമം 5 എം.എൽ.ഡി-യും, 1.5 എം.എൽ.ഡി.-യും ശേഷിയുള്ള സംസ്കരണ പ്ലാന്റുകൾ പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ കേരള വാട്ടർ അതോറിറ്റി മുഖാന്തരം നടപടികൾ നടന്നുവരുന്നു. പ്രസ്തുത ആവശ്യത്തിനായി 2912.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശബരിമല തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

259 (551) ശ്രീ. സി. കെ. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കേരള വഖഫ് ബോർഡിന്റെയും സംയുക്ത യോഗത്തിലെ തീരുമാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തീർത്ഥാടകരുടെ സൗകര്യവും അവർക്ക് വേണ്ടിയുള്ള സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാരും ദേവസ്വം ബോർഡും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡും വഖഫ് ബോർഡും തമ്മിൽ 25-11-2010-ൽ നടന്ന സംയുക്ത യോഗത്തിൽ പ്രഥമിക ചർച്ചകളാണ് നടന്നത്. എരുമേലി പള്ളിയിൽ എത്തുന്ന തീർത്ഥാടകർക്ക് സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ദേവസ്വം ബോർഡും വഖഫ് ബോർഡും സഹകരിച്ച് ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കാമെന്ന് യോഗം തീരുമാനിക്കുകയുണ്ടായി. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് ഇരുഭാഗവും കൂടുതൽ ചർച്ചകൾ നടത്തണമെന്നും ധാരണയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly